# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി4-420/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെഡിഎംപി4-420/22 തീയ്യതി: 31/03/2022

## കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശ്രീ.രാധാകൃഷ്ണൻ എം.എൻ,** | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനു ജോർജ്ജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ് ബാബു പി.വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനികുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സോജൻ കെ.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | 01-04-2019 | 31-05-2019 |
| ശ്രീ.പ്രസന്നകുമാർ | ഓവർസിയർ ഗ്രേഡ്-1-ഇൻ ചാർജ്ജ് | 01-06-2019 | 29-07-2019 |
| ശ്രീ.അജിത്കുമാർ ഇ.റ്റി. | അസി.എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ശ്രീമതി അനുപമ എ.റ്റി. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ.ഗീരീഷ് കുമാർ കെ.ജി, | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ.സലിൻ പി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യാമോൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത കെ.ശ്രീനിവാസൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ജു റ്റി.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി ,സൌമ്യ എസ്.നായർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 01-07-2019 |
| ശ്രീ.സുശാന്ത് എസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 02-07-2019 | 31-03-2020 |
| ശ്രീമതി അഞ്ജന സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ കെ.എം. | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 27-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-10 |
| 11 | മാന്വൽ രസീത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-11 |
| 12 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-12 |
| 13 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-13 |
| 14 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്കായുള്ള ഫിറ്റിംഗ്സ് വാങ്ങൽ- നിശ്ചിത നിരക്കിൽ ടെൻഡർഫീസ് ഈടാക്കിയില്ല. പഞ്ചായത്ത് ഫണ്ടിന് 7728/-രൂപയുടെ നഷ്ടം<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-14 |
| 15 | ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Beenakumari T V (Auditor, On 25-02-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | |
| 16 | ബിൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joshy Thomas (Auditor, On 26-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-16 |
| 17 | അക്കൗണ്ട് നം.തെറ്റായി ചേർത്തതിനാൽ അർഹതപ്പെട്ട ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചില്ല<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Beenakumari T V (Auditor, On 27-02-2022) | 1-17 |
| 18 | എൻ പി എസ് വിഹിതം അടവാക്കിയില്ല<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-18 |
| 19 | ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-19 |
| 20 | പഞ്ചായത്ത് ജീപ്പിന്റെ ഉപയോഗം സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-20 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് -പഠന മുറി നിർമ്മാണം പൂർത്തികരിച്ചിട്ടിലൽ.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-21 |
| 22 | ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ -പ്രവൃത്തികളുടെ പൂർത്തീകരണവിവരവും കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല -28707/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-22 |
| 23 | മരുന്ന് ലഭ്യമായില്ല.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-23 |
| 24 | ലൈഫ് ഭവന പദ്ധതി-അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്തവ് നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-24 |
| 25 | ആറാം മൈൽ പുന്നിലം റോഡ് സംരക്ഷണഭിത്തി നിർമ്മാണം- തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-25 |
| 26 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Smitha G Nair (Asst. Audit Officer, On 26-02-2022) | 1-26 |
| 27 | 142-ാം നമ്പർ അങ്കനവാടി വൈദ്യുതീകരണം- കരാറുകാരന് അധികതുക അനുവദിച്ചു<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-27 |
| 28 | നിയമാനുസൃതം കരാർ ചമയ്ക്കാതെ 1593016/-രൂപ നിർവ്വഹണസ്ഥാപനത്തിന് കൈമാറി<br>Written By: Sulatha.D (Audit Officer, On 30-03-2022)<br>Last Updated By: Sulatha.D (Audit Officer, On 30-03-2022) | 1-28 |

## ഭാഗം **2**

--- No Records Found ---

## ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 28.02.2020 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 9515192 | 11252411 |
| വരവ് | 2495109890 | 81643284 |
| ആകെ | 259026181 | 92895695 |
| ചെലവ് | 249314255 | 82284942 |
| നീക്കിയിരിപ്പ് | 9711926 | 10610753 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.05.20-ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 11252411 രൂപയും തൻവർഷ വരവ് 81643284 രൂപയും തൻവർഷചെലവ് 82284942രൂപയും വർഷാവസാന നീക്കിയിരിപ്പ് 10610753രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം127404042 രൂപയും ആകെ ചെലവ് 131985209 രൂപയും ആകുന്നു. 2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11252411 |
| ഓഡിറ്റ് വർഷത്തെ വരവ് | 81643284 |
| ആകെ | 92895695 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 82284942 |
| നീക്കിയിരിപ്പ് | 10610753 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7728 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1756734 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13946000 | 13946000 | 13105970 | 840030 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4889000 | 4889000 | 4400998 | 488002 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 189000 | 189000 | 189000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 31644000 | 31644000 | 22001632 | 9642368 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4139000 | 4139000 | 2233129 | 1905871 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10660628 | 10660628 | 6651400 | 4009228 |
| ഐ.സി.ഡി.എസ് | 615210 | 821332 | 1436542 | 517656 | 918886 |
| ബ്ലോക്ക് പഞ്ചായത്ത് | 329900 | 2235033 | 2564933 | 2235033 | 329900 |
| ജില്ലാ പഞ്ചായത്ത് | 150237 | 227700 | 377937 | 227700 | 150237 |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ്ചെലവ്, നീക്കിയിരിപ്പ് തുകകളും എസിആറുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 06.03.20ലെ ഉത്തരവ് നം.2707/18/DPO/DPC/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 15/10/2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 5/102018 മുതൽ 3/11/2018 വരെ |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 16/11/2018മുതൽ 23/11/2018 വരെ |
| ഊരുകൂട്ടം/വയോജന /ഭിന്നശേഷി ഗ്രാമസഭ | 26/10/18,03 /09/2018, 30/10/2018 |
| മത്സ്യ ഗ്രാമസഭ | 22/11/2018 |
| വികസനസെമിനാർ | 3/12/2018 |

2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 132843201

ആകെ ചെലവ് 64286023 /-രൂപയുമാണ്. ചെലവുശതമാനം 48.39 %. .സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 4 | 5160500 | 4972688 | 96.36 |
| വെറ്ററിനറി സർജൻ | 8 | 7 | 3086000 | 2420520 | 78.44 |
| എം.ഒ (പിഎച്ച്സി) | 4 | 3 | 2300000 | 1302123 | 56.61 |
| എം.ഒ (Homeo) | 1 | 1 | 150000 | 150000 | 100 |
| എം.ഒ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| വി ഇ ഒ | 11 | 11 | 9506580 | 9073916 | 95.45 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 7 | 5814790 | 4026631 | 69.25 |
| സെക്രട്ടറി | 28 | 23 | 9775701 | 7044053 | 72.06 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 190 | 138 | 55240115 | 28423684 | 51.45 |

| | | | | | |
|---|---|---|---|---|---|
| അസി സെക്രട്ടറി | 5 | 5 | 2245000 | 1085291 | 48.34 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2350000 | 968921 | 41.23 |
| ഹെഡ്മാസ്റ്റർ ഗവ യു.പി. സ്കൂൾ | 3 | 3 | 530000 | 510950 | 96.41 |
| വി ഇ ഒ | 6 | 4 | 36184515 | 3807246 | 10.52 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | | | | | |
| ആകെ | | | 132843201 | 64286023 | 48.39 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 1.68 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

| ഫണ്ടിനം | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 840030 |
| വികസന ഫണ്ട്-എസ്.സി.പി | 488002 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9642368 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 1905871 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4009228 |
| ആകെ | 16885499 |

ഗ്രാമപഞ്ചായത്തിന്റ വിവിധമേഖലകളിലെ വികസനപദ്ധതികൾക്കായി അനുവദിച്ചുലഭിക്കുന്നതുക ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും തുക ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 217 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 291 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 171 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 165 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 72183 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 192 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 204 അയൽക്കൂട്ടങ്ങളിൽ 195 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, റീച്ചാർജ്ജ് പിറ്റ്, ചെറുകിട ജലസേചന പ്രവൃത്തികൾ, തോട് ആഴം കൂട്ടൽ എന്നീ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 8667.50 | 1471980 | 1480647.50 | 1117101.50 | 363546 |
| ഇ.എഫ്.എം.എസ്. | 0 | 25235355 | 25235355 | 25235355 | 0 |
| ആകെ | 8667.50 | 26707335 | 26716002.5 | 26352456.5 | 363546 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,080 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 1357200 | 262 |
| വിധവാപെൻഷൻ | 4,480,800 | 813 |
| വാർദ്ധക്യകാലപെൻഷൻ | 16,328,100 | 2892 |
| വികലാംഗപെൻഷൻ | 1,823,100 | 326 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 393,000 | 27 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-02-2022 3.20 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 95214/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 | 6/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-13.11.2018. | 2017-18 | LBA(HQ)II/I /8A-138 /2018-19/287 Dtd.12.12.2018 |

## 1-11 മാനുവൽ രസീത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ മാനുവൽ രസീത് ഗ്രാമപഞ്ചായത്ത് ഓഫീസ് ജീവനക്കാർക്കും നിർവ്വഹണോദ്യോഗസ്ഥർക്കും പണം പിരിവിനായി അനുവദിച്ച് നൽകുന്നുണ്ട്. രസീതുകൾ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം അപാകതകൾ ഉള്ളതായി കാണുന്നു.

- മാനുവൽ രസീതുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിയ്ക്കുന്ന രസീത് ലീഫുകൾ ക്യാൻസൽ ചെയ്ത് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കുന്നില്ല.
- പൂർണ്ണമായും ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുത്ത് അടുത്ത സാമ്പത്തിക വർഷം ഉപയോഗത്തിന് നൽകാതെയോ ലീഫുകൾ ക്യാൻസൽ ചെയ്യാതെയോ സൂക്ഷിച്ചിരിയ്ക്കുന്നു.

മാനുവൽ രസീത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ മേൽ പരാമർശം ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2019-20,2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ലഭിക്കാനുള്ള തുകകളുടെ വിശദാംങ്ങൾ ഉൾപ്പെടുത്തിയില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈരീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്കുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസ്റ്റിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള കടുത്തുരുത്തി എസ് ബി ഐ യുടെ 67345873078 നമ്പർ അക്കൗണ്ടിൽ 25/12/21 ൽ 50936 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം-11) ആദായ നികുതി ജി എസ് റ്റി എന്നിവ അടയ്ക്കുന്നതിനാണ് ഉപയോഗിക്കുന്നതെന്നും വിശദാംശങ്ങൾ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഏത് ആവശ്യത്തിന് ലഭിച്ച തുകയാണെന്ന് വ്യക്തമല്ലാത്തതിനാൽ ആയതിന്റ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത നികുതി വിഹിതങ്ങൾ അടവാക്കേണ്ടതാണ്. നികുതി വിഹിതങ്ങൾ യഥാസമയം അടവാക്കാത്തതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

1-14 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്കായുള്ള ഫിറ്റിംഗ്സ് വാങ്ങൽ- നിശ്ചിത നിരക്കിൽ ടെൻഡർഫീസ് ഈടാക്കിയില്ല. പഞ്ചായത്ത് ഫണ്ടിന് 7728/-രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം - | 270/19-20( 240/21) |
| അടങ്കൽ | 1500000/( ധനകാര്യക്കമ്മീഷൻ അവാർഡ്) |

ജിഒ(പി) നം. 429/15ഫിൻ. തീയതി 28-9-2015 അനുസരിച്ച് 10 ലക്ഷത്തിനുമേൽ 1 കോടി മതിപ്പുചെലവ് വരുന്ന സംഗതികളിൽ ടെൻഡർഫീസിനത്തിൽ 2500/-രൂപയും 12% തുക ജിഎസ് റ്റി ഇനത്തിലും ഈടാക്കേണ്ടതാണ്. എന്നാൽ 1500000/-രൂപ പ്രോജക്ട്കോസ്റ്റ് വരുന്ന മേൽപ്രോജക്ടിന് ടെൻഡർ പരസ്യത്തിൽ (തീയതി- 12-11-19) ടെൻഡർ ഫീസിനത്തിൽ ഡിമാന്റ് ചെയ്ത തുക 200/-രൂപ മാത്രമാണ്. ടെൻഡർ പരസ്യത്തിൽ തുക കുറവായി കാണിച്ചതിനാൽ ജിഎസ് റ്റി ഉൾപ്പെടെ ആകെ 224/-രൂപ മാത്രമേ ടെൻഡർ സമർപ്പിച്ച കരാറുകാർ അടവാക്കിയിട്ടുള്ളൂ. ആയതിനാൽ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പ്രോജക്ട് കോസ്റ്റ് | ടെൻഡർഫീനിരക്ക് + 12% ജിഎസ് റ്റി | ലഭിച്ച ടെൻറുകളുടെ എണ്ണം | ആകെത്തുക | 200/-രൂപനിരക്കിൽ 3 കരാറുകാർ അടവാക്കിയ ആകെതുക | കുറവ്/ നഷ്ടം |
|---|---|---|---|---|---|
| 1500000 | 2500+ 300= 2800 | 3 | 7500+900= 8400 | 600+72= 672 | 6900+ 828 =7728/- |

അപാകത ശ്രദ്ധയിൽപ്പെടുത്തി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ടെൻണ്ടർ ഫീ ഇനത്തിൽ നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

1-15 ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം.142/20, ആട്ടുവളർത്തൽ (എസ്.സി.വനിത)

ചെലവ്-1,44,000/-

നിർവ്വഹണോദ്യോഗസ്ഥ- വെറ്ററിനറി സർജൻ

മാങ്ങൂർ ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | റിമാർക്സ് |
|---|---|---|
| സൌമ്യ കെ.കെ. വാടമുറിക്കൽ | 15 | |
| ശ്രീജ ബാബു, ഭഗവതി കണ്ടത്തിൽ | 15 | |
| സജിത എ.കെ. ആലഞ്ചേരിൽ | 14 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയില്ല |

| | | |
|---|---|---|
| ലീല മാധവൻ, പ്രീതി ഭവൻ | 16 | |
| രാഗിണി, ഒപ്പരയ്ക്കൽ | 15 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവിന് നൽകിയില്ല |
| രത്തമ്മ നാണപ്പൻ, പറക്കാട്ടുകുഴി | 15 | |

2) പ്രോജക്ട് നം.141/20, ആട്ടുവളർത്തൽ (വനിത)

ചെലവ്-3,37,520/-

നിർവ്വഹണോദ്യോഗസ്ഥ- വെറ്ററിനറി സർജൻ

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | റിമാർക്സ് |
|---|---|---|
| പ്രമീള കുമാരി, പുത്തേത്ത്പറമ്പിൽ | 15 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടില്ല |
| രാധാ സുരേഷ്, തിരുവൻമൂലയിൽ | 15 | |
| സുഷമ രാജു | 15 | |
| സുമതി ദിവാകരൻ, പോഴിയത്ത് പറമ്പിൽ | 5 | |
| ത്രേസ്യാമ്മ, മുത്തുതൊഴിയിൽ | 7 | |
| ഗ്രേസി കുര്യൻ, കുഴിയാനിത്തറ | 3 | |
| ശശികല കെ., കുഴപ്പിൽ | 2 | |
| തങ്കമ്മ, പാലന്താനത്ത് | 14 | |
| രാധാമണി റ്റി.ആർ, തിരുവംമൂലയിൽ | 15 | |
| ദേവകി ഗോപാലൻ, ഓപ്പറയ്ക്കൽ | 15 | |
| സുനു സിബി, മുകലേൽ | 3 | |
| സിലി മാത്യു, മുകളേൽ | 3 | |
| ജാൻസി റാണി | 6 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(9) പ്രകാരം ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നുള്ളവരാകണം പ്രോജക്ട് ഗുണഭോക്താക്കൾ എന്ന് വ്യവസ്ഥ ചെയ്യുന്നു. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് നിയമവിരുദ്ധമാണ്. മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/19-20 തീയതി 19.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം

നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

1-16 ബിൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽവിത്ത് വിതരണം എന്ന പ്രൊജക്ടിനായി (നം. 137/20) 66000 രൂപ സ്റ്റേറ്റ് സീഡ് ഫാം കോഴായ്ക്ക് തനതുഫണ്ടിൽ നിന്നും നൽകിയിരുന്നു. എന്നാൽ നെൽവിത്ത് ലഭ്യമായതിന്റെ ബിൽ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ബില്ലിനൊപ്പം 18.2.19 തീയതിയിലെ 61200 രൂപയുടെ പഴയ ബില്ലാണ് ഹാജരാക്കിയത്. കൂടാതെ ഇതേ പ്രൊജക്ടിന്റെ ഇറക്കുകൂലിയിനത്തിൽ 8000 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും (കേരള ഗ്രാമീൺ ബാങ്ക് ചെക്ക് നം.12683/26.12.19) 5660 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ബിൽ ഹാജരാക്കുന്നതു വരെ 68340(66000+ 2340)രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-17 അക്കൗണ്ട് നം.തെറ്റായി ചേർത്തതിനാൽ അർഹതപ്പെട്ട ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ 11/20, 212/21 എന്നീ പ്രോജക്ടുകൾ പ്രകാരം ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി (ജനറൽ) എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. പ്രോജക്ട് പ്രകാരം നൽകിയ സബ്സിഡി തുക ശ്രീ.ഉലഹന്നാൻ റ്റി.പി., ശ്രീ.ഫ്രാൻസിസ് തോമസ് എന്നീ രണ്ടു വ്യക്തികൾക്കും SBI 67379941235 എന്ന അക്കൌണ്ടിലേയ്ക്കാണ് പണം നൽകിയിരിയ്ക്കുന്നത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അക്കൗണ്ട് നം. രേഖപ്പെടുത്തിയപ്പോൾ ഉണ്ടായ പിഴവാണ് എന്നും ശ്രീ.ഉലഹന്നാൻ റ്റി.പി. എന്ന വ്യക്തിയ്ക്ക് അർഹതപ്പെട്ട ആനുകൂല്യം 7981/- രൂപ ശ്രീ.ഫ്രാൻസിസിൽ നിന്നും ഈടാക്കി നൽകുന്നതാണെന്ന് 4/19.02.2022 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

മേൽ സാഹചര്യങ്ങൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതും സ്വീകരിച്ച നടപടി രേഖാമൂലം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതുമാണ്.

1-18 എൻ പി എസ് വിഹിതം അടവാക്കിയില്ല

ഗവ. ഉത്തരവ് ജി.ഒ(പി.)44/2019/തീ.4.4.19 പ്രകാരം ഡി എ വർദ്ധിപ്പിച്ചതിന്റെ ഭാഗമായി പഞ്ചായത്ത് ജീവനക്കാരിയായ ശ്രീമതി അലിന്റ എബ്രഹാമിന് ലഭിച്ച ഡി എ അരിയർ തുകയിൽ നിന്നും ഈടാക്കി പഞ്ചായത്ത് വിഹിതത്തോടൊപ്പം അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതം (10%) അടവാക്കിയിട്ടില്ല. ആകെ ലഭിച്ച ഡി എ അരിയർ തുകയായ 13016 രൂപയുടെ 10% ജീവനക്കാരിയുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ചേർന്ന 2604 രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.6/19.02.2022) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരിയിൽ നിന്നും ഈടാക്കാനുള്ള തുകയും അർഹമായ പഞ്ചായത്ത് വിഹിതവും അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികൾ - ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് ചെയ്തില്ല

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കൺവീനർക്ക് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. താഴെ പറയുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു.നികുതി റിക്കവറികൾ അടവാക്കുന്നതിനാണ് ഓവർഹെഡ്ചാർജ് അനുവദിക്കുന്നത്. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ പ്രവൃത്തികളുടെ വേലമൂല്യത്തിൽനിന്നും 2% ആദായനികുതിയും 1% ക്ഷേമനിധിവിഹിതവും കുറവുചെയ്തതിനുശേഷമുള്ള തുക കൺനീനർമാർക്ക് അനുവദിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.11.14ലെ 1/1559/ 2010/സി.ഇ. നമ്പർ സർക്കുലറനുസരിച്ച് ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ

ചെലവോ, കരാർ പ്രകാരമുള്ള ബിൽതുകയോ, ഇതിൽ ഏതാണോ കുറവ് ആയതിനുമാത്രമേ സമിതിക്ക് അർഹതയുള്ളൂ. ചീഫ് എഞ്ചിനീയറുടെ 16.03.2018ലെ ഡിബി.3.9058/17/സി.ഇ.തസ്വഭവ നമ്പർ കത്ത് പ്രകാരം വാറ്റിന് പകരമായി ജി.എസ്.ടി. നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി ഒടുക്കേണ്ടതില്ലെന്നും ടി സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട് നം. | പേര് | കൺവീനർ | എം ബുക്ക് നം . | വേലമൂല്യം | 4.5% നിരക്കിൽ അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | 226/20 | ഇരവിമംഗലം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി | ശ്രീ. ഷിജുമോൻ കുര്യൻ | 134/18-19 | 48931 | 2202 | 26/19-20/27.06.20 |
| 2 | 179/20 | പ്ലാക്കീൽ താഴെ റാമ്പ് നിർമ്മാണം | ശ്രീ. കുര്യൻ ബേബി | 39/19-20 | 43864 | 1974 | ചെക്ക് നമ്പർ2284882/13.08.19 |
| 3 | 123/20 | കുട്ടക്കൈത പാലം കൈവരി നിർമ്മാണം | ശ്രീ ഷിജോ ജോസഫ് | 36/19-20 | 44067 | 1983 | 77/19-20/20.07.19 |
| 4 | 261/20 | ഗണപതിത്തോട് സൈഡ് കെട്ട് | ശ്രീ.പി ആർ ബാബു | 63/19-20 | 44135 | 1986 | 10/19.01.20 |
| 5 | 273/20 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | ശ്രീ. അഭിലാഷ് വി പി | 53/19-20 | 44446 | 2000 | 128/19-20/ 20.12.19 |
| | | ആകെ | | | | 10145 | |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ (ഇൻസ്&പി.ഡബ്ല്യു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ല്യു.ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 10145/-രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ജീപ്പിന്റെ ഉപയോഗം സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച സ.ഉ.(എം.എസ്) നം.170/07/തസ്വഭവ തീ.30.6.2007 പ്രകാരം മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് ജീപ്പിന്റെ ലോഗ് ബുക്കും അനുബന്ധ ചെലവുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

ചേർക്കുന്നു.

1. പഞ്ചായത്ത് ജീപ്പായ ബൊലേറോയ്ക്ക് (KL 67-4508) വൗച്ചർ നം. 21900810,811/30.9.19 പ്രകാരം 19340 രൂപയുടെ സർവീസ് നടത്തിയിട്ടുണ്ട്. വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കുള്ള പ്രതീക്ഷിത ചെലവ് പതിനായിരം രൂപയിൽ മുകളിലാണെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് അറ്റകുറ്റപ്പണികൾ നിർവഹിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് നടത്തിയത് ഗവ. അപ്രൂവ്ഡ് വർക്ക് ഷോപ്പായ മൈ മെക്കാനിക്ക്, കാരിത്താസ് എന്ന സ്ഥാപനത്തിലാണ്.

2. വൗച്ചർ നം 21901126/6.12.19 പ്രകാരം വാഹനത്തിന്റെ സർവീസ് നടത്തിയതിന് 9710 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതീക്ഷിത ചെലവ് 2000 മുതൽ 10000 വരെ ആണെങ്കിൽ ക്വട്ടേഷനില്ലാതെ സർക്കാർ അംഗീകൃത വർക്ക് ഷോപ്പിലോ ക്വട്ടെഷൻ ക്ഷണിച്ച് അംഗീകാരമില്ലാത്ത വർക്ക്ഷോപ്പിലോ നടത്താവുന്നതാണെന്ന് മാനദണ്ഡം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെ ഫ്രണ്ട്സ് ഓട്ടോ ഗാരേജ്, കുറുപ്പന്തറ എന്ന അംഗീകൃതമല്ലാത്ത സ്ഥാപനത്തിലാണ് സർവീസ് നടത്തിയിട്ടുള്ളത്.

3. വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെങ്കിലും 2019-20 പരിശോധനാകാലയളവിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ ലോഗ് ബുക്കിലില്ല.

4. ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയും ടാങ്ക് പൂർണമായും നിറച്ചതിനു ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപയോഗത്തിന്റെ അളവ് കണക്കാക്കേണ്ടതാണെങ്കിലും ലോഗ് ബുക്കിൽ പ്രസ്തുത രേഖപ്പെടുത്തലുകളില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സർവീസുകൾ നടത്തിയിട്ടുള്ളത് അടിയന്തിരപ്രാധാന്യമുള്ള സാഹചര്യങ്ങളിലാണെന്നും കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണെന്നും മറുപടി നൽകി. കൂടാതെ എല്ലാ വർഷവും ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്താറുള്ളതാണെന്നും പ്രളയം വന്നപ്പോൾ പണമടച്ചെങ്കിലും ടെസ്റ്റ് നടത്താനായില്ലെന്നുമാണ് മറുപടി നൽകിയത്. എല്ലാ ആറു മാസത്തിലും എഫിഷ്യൻസി ടെസ്റ്റ് നടത്തേണ്ടതും മുൻപരിശോധനയെ അപേക്ഷിച്ച് ഇന്ധന ഉപയോഗം കൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ലോഗ് ബുക്കിന്റെ സൂക്ഷിപ്പിലും അലംഭാവമുണ്ടായിട്ടുണ്ട്. കൃത്യമായ രേഖപ്പെടുത്തലുകളോ മാസാമാസങ്ങളിലുള്ള അബ്സ്ട്രാക്റ്റോ ഇന്ധന ഉപഭോഗത്തിന്റെ വിലയിരുത്തലോ നടത്തുന്നില്ല. വാഹന ഉപയോഗം സംബന്ധിച്ച് സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് -പഠന മുറി നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വിഇ ഒ

പ്രോജക്റ്റ്-40/20 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ-1000000/-(വികസനഫണ്ട് എസ് സി പി)

ചെലവ്- 850000/-

മേൽ പ്രോജക്ട് പ്രകാരം പഠനമുറിക്ക് അഞ്ചു ഗുണഭോക്താക്കൾക്ക് 200,000/-രൂപ വീതം ധനസഹായം നൽകുന്നതിനായിരുന്നു പ്രോജക്ട് ആവിഷ്കരിച്ചത്. ആനുകൂല്യം കൈപ്പറ്റിയ നാലു ഗുണഭോക്താക്കൾ ഇതിനോടകം നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 170,000/-രൂപ (ബിൽനം-24/23.11.19,40/11.02.20) ധനസഹായം കൈപ്പറ്റിയ അജിമോൻ പി എൻ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.ടിയാൻ നിർമ്മാണം പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (20/25.02.2022) നിർമ്മാണം പൂർത്തികരിക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. നിർമ്മാണം

പൂർത്തികരിക്കുന്നമുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ -പ്രവൃത്തികളുടെ പൂർത്തീകരണവിവരവും കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല -28707/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) 272/20

ചെലവ്- 28707( ധനകാര്യക്കമ്മീഷൻ അവാർഡ് )

14-ാം വാർഡിൽ ഐരാറ്റുപള്ളി മൂപ്പത്താറുപുനസുചാൽ പാടശേഖരത്ത് പമ്പ്ഹൗസിലേക്ക് ത്രീഫേയ്സ് ലൈൻവലിക്കലും കണക്ഷൻനൽകലും പ്രോജക്ടിനായി കെഎസ്ഇബി നീണ്ടൂർ സെക്ഷനിൽനിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക ബിൽനമ്പർ 33/3-1-20 പ്രകാരം കൈമാറിയിട്ടുണ്ട്.
പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളപക്ഷം നിർവ്വഹണ സ്ഥാപനത്തിൽനിന്നും പൂർത്തീകരണസാക്ഷ്യപത്രവും ചെലവുതുകയുടെ വിനിയോവിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ആയതിലേക്ക് 28707/- രൂപ തടസ്സപ്പെടുത്തുന്നു.

1-23 മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 99/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ (എഫ് എച്ച് സി ) |
| അടങ്കൽ | 400000/-- (റോഡിതരം) |
| ചെലവ് | 400000/-- |
| ബിൽ നം. | 2/5.7.19,7/5.11.19 |

എഫ്.എച്ച്.സി.യിലേക്ക് (പ്രോജക്റ്റ് നം-99/20) മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യഫാർമസിയുടെ ഫെഡറൽ ബാങ്കിന്റെ (A/c No-10960200004870) അക്കൗണ്ടിലേക്ക് 400,000/- നൽകിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 333,329/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 66671/-രൂപയുടെ മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (18/25.02.22) മറുപടി ലഭിച്ചില്ല.മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 66671/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 ലൈഫ് ഭവന പദ്ധതി-അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്തവ് നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

2019-20 വർഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് അഡ്വാൻസ് 40000/-രൂപ (ബിൽനം-190905520168004036 22/30.07.19) കൈപ്പറ്റിയ കൊച്ചുമോൾവിജയൻ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.ടി ഗുണഭോക്താവ് നിർമ്മാണം പൂർത്തികരിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (21) പലതവണ ടിയാൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും താമസ സ്ഥലം മാറി പോയതിനാൽ മേൽ വിലാസം ലഭ്യമല്ല എന്നും മറുപടി ലഭ്യമാക്കി.നിർമ്മാണം ആരംഭിക്കുന്നതിന് ഭരണസമിതി തലത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-25 ആറാം മൈൽ പൂന്നിലം റോഡ് സംരക്ഷണഭിത്തി നിർമ്മാണം- തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടാണ് ആറാം മൈൽ

പൂന്നിലം റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 180 മീറ്റർ റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി റോജി സേവ്യർ എന്ന കരാറുകാരനെ പ്രവർത്തി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തി. എന്നാൽ അതിർത്തി തർക്കവും കോടതി കേസും ഉണ്ടായതു മൂലം 51 മീറ്റർ ഭാഗത്തെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനു മാത്രമേ സാധിച്ചിട്ടുള്ളതിനാൽ നിർമ്മാണ പ്രവൃത്തി 51 മീറ്ററായി ചുരുക്കി എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ക്ലോസ് ചെയ്ത് കരാറുകാരന് തുക നൽകുന്നതിന് 4/12/2019ലെ കമ്മറ്റി തീരുമാനിച്ചിരുന്നു (അജണ്ട 2 തീരുമാനം 4). ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ക്ലോസ് ചെയ്തു കരാറുകാരന് തുക നൽകി. ടി പ്രോജക്ടുമായി ബന്ധപ്പെട്ട കേസിന്റെ വിവരം, തർക്കം പരിഹരിച്ച് റോഡിന്റെ ബാക്കിഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ രേഖാമൂലം അറിയേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ

പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

### 1-27 142-ാം നമ്പർ അങ്കനവാടി വൈദ്യുതീകരണം- കരാറുകാരന് അധികതുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 254/19-20ഘടകസ്ഥാപനങ്ങളുടെ വൈദ്യുതീകരണം |
| ചെലവ് | 64990 |
| ബിൽനം | 68/4-7-19 |

142-ാം നമ്പർ അങ്കനവാടി വൈദ്യുതീകരണത്തിനുവേണ്ടിയുള്ള മേൽപ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ 8-ാമത്തെ ഇനമായി ക്രോംപ്റ്റൺ കമ്പനിയുടെ 2ഫാൻ ഘടിപ്പിക്കുന്നതിന് 2630/- രൂപ വീതം ആകെ 5260/-രൂപയാണ് കോസ്റ്റ് നിശ്ചയിച്ചിരുന്നത്. എന്നാൽ കരാറുകാരൻ കുളിർമകമ്പനിയുടെ ഫാനാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ആയതിനാൽ 777/-രൂപ വീതം ബില്ലിൽ കുറവുചെയ്യണമെന്നും അളവുപുസ്തകം 8-ാം പേജിൽ ചെക്ക്മെഷർ ചെയ്ത ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇതുപരിഗണിക്കാതെ ബിൽ തയ്യാറാക്കിയതുവഴി കരാറുകാരന് 1554/- രൂപ അധികം നൽകിയിട്ടുണ്ട്. രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടയ്ക്കേണ്ടതാണ്.

### 1-28 നിയമാനുസൃതം കരാർ ചമയ്ക്കാതെ 1593016/-രൂപ നിർവ്വഹണസ്ഥാപനത്തിന് കൈമാറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കെഎസ്ഇബിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക നീണ്ടൂർ,കടുത്തുരുത്തി ,കുറുപ്പന്തറ ഡിവിഷനുകളിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല . പ്രവൃത്തിയുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | പ്രവൃത്തി | തുക ഡെപ്പോസിറ്റ്ചെയ്തിട്ടുള്ള ഇലക്ട്രിക്കൽ സെക്ഷൻ | കൈമാറിയ തുക | ആകെത്തുക | ബിൽനം |
|---|---|---|---|---|---|
| 1 | കാപ്പുംതല അങ്കനവാടി റോഡ് ലൈൻ എക്സ്റ്റൻഷൻ | കുറുപ്പന്തറ | 73941 | 3,87,372 | 20/27-9-19 |
| 2 | ഇലവും തടം ഇലവാലേൽ സ്ലീവപുരം നെല്ലിക്കുന്നേൽ പാലയ്ക്കാപ്പറമ്പ് റോഡ്,കലയക്കുട്ടം വരിക്കാംതോട്ടി റോഡ്ലൈൻ എക്സ്റ്റൻഷൻ | ,, | 187271 | | |
| 3 | കുറുപ്പന്തറ -കാപ്പുംതല | കടുത്തുരുത്തി | 121670 | | |

| | | | | | |
|---|---|---|---|---|---|
| | നെടുനിലം റോഡ് ലൈൻ എക്സ്റ്റൻഷൻ | | | | |
| 4 | ഷിഫ്റ്റിംഗ് LT Stay -വാർഡ് - | കുറുപ്പന്തറ | 2061 | | |
| 5 | വാർഡ് -9& 14 ഫ്ലഡ് സെസ്സ് | നീണ്ടൂർ | 2428 | | |
| 6 | മാൻവെട്ടം -തുമ്പിൽത്താഴത്ത് റോഡ് ലൈൻ എക്സ്റ്റൻഷൻ | കടുത്തുരുത്തി | 99120 | 1205644 | 101/16-7-19 |
| 7 | മുള്ളൻകുഴി നമ്പിയാകുളം റയിൽവേഗേറ്റ് റോഡ് | കുറുപ്പന്തറ | 88837 | | |
| 8 | പൈനക്കുന്നേൽ &ട്രാൻസ്ഫോർമർ റയിൽവേഗേറ്റ് റോഡ് | കുറുപ്പന്തറ | 78966 | | |
| 9 | വിജയലൈബ്രറി പുഴേക്കാട്ടിൽ & കുട്ടക്കൈതക്കടവ് റോഡ് | ” | 25606 | | |
| 10 | പാലപ്പറമ്പ് നൂറേക്കരി ,വിജയ ലൈബ്രറി പോളച്ചിറ റോഡ് | ” | 89940 | | |
| 11 | തെന്നാട്ടുപടി മേനാത്തുകരറോഡ് | ” | 178955 | | |
| | ആകെ ചെലവ് | | | 15,93,016/- | |

നിയമാനുസരണം കരാർ ചമയ്ക്കാതെ നിർവ്വഹണഏജൻസിക്ക് തുക കൈമാറിയത് സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന വിവരം ചെലവഴിച്ച തുകയുടെ വിനിയോഗവിശദാംശങ്ങൾ എന്നിവയും ലഭ്യമായിട്ടില്ല. ആയതിനാൽ കൈമാറിയ 15,93,016/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതും പ്രവൃത്തികളുടെ പൂർത്തീകരണവിവരവും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 22.02.22- 23.02.22 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 236112 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (42/20) | 236112 | |
| | 1300000 | നെൽകർഷകർക്ക് കൂലിച്ചെലവ് (146/20) | 1300000 | 0 |
| | 318921 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി(11/20) | 318921 | |
| | 380000 | ലൈഫ് ഭവനപദ്ധതി ജനറൽ(126/20) | 380000 | |
| ജില്ലാ പഞ്ചായത്ത് | 227700 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (42/20) | 227700 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | പേര് | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 1593016 | 0 | 1593016 |
| | വാർഡ് 14 ൽ വൈദ്യുതലൈൻ വലിയ്ക്കൽ | 28707 | 0 | 28707 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 8380000 | ---- | 1340000 | 1418438 | 7040000 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്)68/2018/ൽ എസ് ജി ഡി തീയതി 18.05.2018 | 2020000 | 320000 | 308824 | ------------- | 2031176 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | -- | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81643284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 822844942 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7728 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1756734 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-14 | | 7728 | ശ്രീ.വിനോദ് ബാബു പി വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 68340 | ശ്രീ.സലിൻ പി ആർ, കൃഷി ഓഫീസർ |
| 1-22 | 28707 | ശ്രീ.വിനോദ് ബാബു പി വി, സെക്രട്ടറി |
| 1-23 | 66671 | ശ്രീ.സുശാന്ത് എസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-28 | 1593016 | ശ്രീ.വിനോദ് ബാബു പി വി, സെക്രട്ടറി |
| ആകെ | 1756734 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ് ബാബു പി വി, സെക്രട്ടറി | വിരമിച്ചു | പോളച്ചിറയിൽ തലയോലപ്പറമ്പ് പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(1)/18 08.01.18 |
| 1998-99 | എൽ.എഫ്.കെ.പി5/1262/07, 06.06.2008/21.4.2008 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(2)/18, 08.01.18 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/907/ 04 9.3.04/8.8.05 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(7)/18, 8.01.18 |
| 2008-09 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(9)/18, 08.01.18 |
| 2009-10, 2010-11 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 09.01.18 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 |
| 2012-13 | എൽ.എഫ്.കെ.പി4/14/15, 22.02.17 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16, 5.9.16 |
| 2015-16 | കെ.എസ്.എ കെടിഎം പി4 1042/17, 15.11.17 |
| 2016-17 | കെ.എസ്.എ കെടിഎം പി4-165/18 09.03.18 |
| 2017-18 | കെ.എസ്.എ കെടിഎം പി4-77/19, 20.02.19/25.3.2019 |
| 2018-19 | നം.കെ.എസ്.എ.-കെ.ടി.എം.പി4- |

| | |
|---|---|
| | 1243/19/27.08.2019 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്